# വ്യവസായ കേരളം

84

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 MAY 2025


# നല്ല നാളെകൾ നെയ്ത് കൈത്തറിത്തൊഴിലാളികൾ

സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ കൈത്തറി യൂണിഫോമിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം തിരുവനന്തപുരം കഴക്കൂട്ടം ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ 2025 ഏപ്രിൽ 9ന് നിർവഹിച്ചു. ബഹു. വിദ്യാഭ്യാസമന്ത്രി ശ്രീ. വി ശിവൻകുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ ബഹു. കഴക്കൂട്ടം എം എൽ എ ശ്രീ. കടകമ്പള്ളി സുരേന്ദ്രൻ മുഖ്യാതിഥി ആയിരുന്നു.



ഒന്നു മുതൽ ഏഴ് വരെയുള്ള സർക്കാർ വിദ്യാലയങ്ങളിലേയും ഒന്നു മുതൽ നാലു വരെയുള്ള സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലേയും വിദ്യാർത്ഥികൾക്കാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം നൽകുന്നത്. 2025-26 അധ്യയന വർഷത്തിൽ മാത്രം 9 ലക്ഷം വിദ്യാർത്ഥികൾക്കായി 40 ലക്ഷം മീറ്റർ കൈത്തറി തുണിയാണ് വിതരണം ചെയ്യുന്നത്. ഇതിനായി 75 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. 2016-17 മുതൽ ഇതുവരെയായി 629 കോടി രൂപയാണ് സംസ്ഥാന സർക്കാർ സ്കൂൾ യൂണിഫോം പദ്ധതിക്കായി ചിലവഴിച്ചിട്ടുള്ളത്. നെയ്ത്തുകൂലി ഇനത്തിൽ മാത്രം 373.54 കോടി രൂപ നെയ്ത്തുകാർക്കായി വിതരണം ചെയ്തു. 54.15 ലക്ഷം കുട്ടികൾക്കായി 236.10 ലക്ഷം മീറ്റർ കൈത്തറി യൂണിഫോം തുണിയും നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്.

**സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ കൈത്തറി യൂണിഫോമിന്റെ** സംസ്ഥാനതല വിതരണോദ്ഘാടനം നിർവ്വഹിച്ചു

കേരളത്തിലെ പ്രാഥമിക കൈത്തറി സംഘങ്ങളിൽ ജോലിചെയ്യുന്ന ആറായിരത്തിലധികം കൈത്തറിത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിൽ വരുത്തുന്നതിനു മുൻപ് 100 രൂപയിൽ താഴെ ദിവസക്കൂലിയിൽ ഏതാനും ദിവസങ്ങളിൽ മാത്രമാണ് നെയ്ത്തുകാർക്ക് തൊഴിൽ ലഭിച്ചതെങ്കിൽ, ഈ പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഒരു നെയ്ത്തുകാരന് നെയ്യുന്നതിനനുസരിച്ച് 600ലധികം രൂപ ദിവസ വരുമാനവും 250ൽ കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നുണ്ട്. കൈത്തറി മേഖലയുടെ ഉന്നമനം കൂടി ലക്ഷ്യമാക്കിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രകാരം എല്ലാ വർഷവും സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് ഗുണമേന്മയേറിയ കൈത്തറി തുണി (രണ്ട് ജോടി വീതം) നൽകിവരികയാണ്. കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ, പൊതുമേഖലാ സ്ഥാപനങ്ങളായ ഹാന്റെക്സ്, ഹാൻവീവ് എന്നിവയും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നു.

## ഭക്ഷ്യ സംസ്കരണ മേഖലയുടെ അടയാളമാകാൻ

# പിഎംഎഫ്എംഇ ഫുഡ്ടെക് കേരള



സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് കേരളത്തിൽ നിന്നുള്ള പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ) പദ്ധതി ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് വേണ്ടി 2025 മെയ് 22 മുതൽ 24 വരെ എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ "പിഎംഎഫ്എംഇ - ഫുഡ് ടെക് കേരള 2025' പ്രദർശന മേള സംഘടിപ്പിക്കുന്നു.

കേരളത്തിൽ നിന്നുള്ള പിഎംഎഫ്എംഇ ഗുണഭോക്താക്കൾക്ക് മാർക്കറ്റിംഗ് പിന്തുണ നൽകുന്നതിനും പിഎംഎഫ്എംഇ പദ്ധതിയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായാണ് പ്രസ്തുത പ്രദർശനം സംഘടിപ്പിക്കുന്നത്.

കൊച്ചി, കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ 2025 മെയ് 22 ന് രാവിലെ 11.00 മണിക്ക് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പ്രദർശനം ഉദ്ഘാടനം ചെയ്യും.

FoodTech KERALA
Kerala's Premier Exhibition for Food, Processing & Packaging Sector

3 ദിവസമായി സംഘടിപ്പിക്കുന്ന പിഎംഎഫ്എംഇ ഫുഡ്ടെക് കേരള പ്രദർശന മേളക്കൊപ്പം വിവിധ സെഷനുകളും സംഘടിപ്പിക്കും. കേരളത്തിലെ ഭക്ഷ്യ സംസ്കരണ മേഖലയിലെ ഉത്പാദകരും ഉപഭോക്താക്കളും സംരംഭകരും ഒരേ വേദിയിൽ കണ്ടുമുട്ടുന്നതിനും ബിസിനസ്സ് വളർച്ചക്ക് അവസരമൊരുക്കുന്നു എന്നതുമാണ് പിഎംഎഫ്എംഇ ഫുഡ്ടെക് കേരളയെ വ്യത്യസ്തമാക്കുന്നത്.

# കെൽട്രോണും സിമെറ്റും കൈകോർക്കുന്നു;
## തൃശ്ശൂരിൽ സെൻസർ മാനുഫാക്ചറിംഗ് കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കും



കെൽട്രോണിന്റെ നേതൃത്വത്തിൽ കേരളത്തിൽ ഇലക്ട്രോണിക്സ് മേഖല മുന്നേറ്റത്തിന്റെ പാതയിലാണ്. ₹1000 കോടി വിറ്റുവരവ് കടന്ന് മുന്നേറുന്ന കെൽട്രോണും സിമെറ്റും (സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി) സംയുക്തമായി തൃശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവിൽ സെൻസർ മാനുഫാക്ചറിംഗ് കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുവാൻ ഒരുങ്ങുകയാണ്. ഇതിനായി മുളങ്കുന്നത്തു കാവിലെ കെൽട്രോണിന്റെ ഭൂമി പ്രയോജനപ്പെടുത്താൻ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവും കേന്ദ്ര ഇലക്ട്രോണിക്സ് - ഐ.ടി മന്ത്രാലയ സെക്രട്ടറി ശ്രീ. എസ് കൃഷ്ണനുമായി നടത്തിയ കൂടിക്കാഴ്ചയിൽ ധാരണയായി.

സിമെറ്റിന്റെ വിപുലീകരണം, സി മെറ്റുമായി ചേർന്നുള്ള സെൻസർ മാനുഫാക്ചറിംഗ് കോമൺ ഫെസിലിറ്റി സെന്റർ എന്നീ പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടെ സെൻസർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള വ്യവസായ വികസനത്തിന് വഴിയൊരുങ്ങും. സി മെറ്റ് സമർപ്പിച്ച നിർദ്ദേശം ആധാരമാക്കി കെൽട്രോൺ ആണ് പദ്ധതി തയ്യാറാക്കിയത്. കേന്ദ്ര സ്ഥാപനമായ സിമെറ്റിന്റെ വിപുലീകരണത്തിനായി കെൽട്രോണിന്റെ 5 ഏക്കർ ഭൂമി കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയത്തിന് കൈമാറും. നേരത്തെ പ്രവർത്തനം നിലച്ച കെൽട്രോൺ ഉപകമ്പനികളുടെ ബാധ്യതയും ഇതിലൂടെ തീർക്കാൻ കഴിയും. സിമെറ്റുമായി ചേർന്ന് സെൻസർ മാനുഫാക്ചറിംഗ് കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന് അവശേഷിക്കുന്ന 7 ഏക്കർ ഭൂമി ഉപയോഗപ്പെടുത്തും. സെൻസർ ഇൻകുബേഷൻ സെന്റർ, സെൻസർ ഇന്റഗ്രേറ്റഡ് ചിപ്സ്, ഇലക്ട്രോണിക് ഘടകങ്ങൾ എന്നിവയുടെ സംയുക്ത സംരംഭമാണ് വിഭാവനം ചെയ്യുന്നത്.

# മുന്നേ നടക്കുന്ന കേരളം
## വ്യവസായ വിപ്ലവം ഒരുക്കാൻ
## ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി



സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന സുപ്രധാന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. വ്യവസായ ആവശ്യത്തിനുള്ള സ്ഥല ദൗർലഭ്യം പരിഹരിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വ്യവസായ വികസനത്തിന് ഉപയോഗിക്കുന്നതിനുമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ പദ്ധതിയിലേക്ക് ഇതിനോടകം തന്നെ 80 ലധികം കോളേജുകൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്താനും, വ്യവസായ - അക്കാദമിക് ബന്ധം ശക്തിപ്പെടുത്തുന്നതിനും കാമ്പസ് വ്യവസായ പാർക്കുകൾ വഴിയൊരുക്കും. സംസ്ഥാനത്തിന്റെ വ്യവസായ മുന്നേറ്റത്തെ വൻ തോതിൽ ശക്തിപ്പെടുത്തുന്നതായിരിക്കും ഈ പദ്ധതി.

ചുരുങ്ങിയത് 5 ഏക്കർ ഭൂമി കൈവശമുള്ള സർവ്വകലാശാലകൾ, ആർട്ട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കാൻ സാധിക്കും. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾക്ക് 2 ഏക്കർ മതിയാകും.

അനുമതി ലഭിക്കുന്ന പാർക്കുകളിൽ റോഡുകൾ, വൈദ്യുതി, മാലിന്യ നിർമ്മാർജ്ജനം തുടങ്ങി പൊതു സൗകര്യങ്ങൾ ഒരുക്കുന്നതിന് 1.5 കോടി രൂപ വരെ സർക്കാർ അനുവദിക്കും. സ്റ്റാന്റേഡ് ഡിസൈൻ ഫാക്ടറികൾക്കും ഈ തുക നൽകും. പാർക്കുകളിലെ ഉൽപാദന യൂണിറ്റുകൾക്ക് ഇൻസെന്റീവും പരിഗണിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ എൻ.ഒ.സി ലഭിക്കുന്ന സ്ഥാപനങ്ങൾക്കാണ് കാമ്പസ് പാർക്കുകൾ ആരംഭിക്കാനാവുക. അനുമതി ലഭിക്കുന്ന പാർക്കുകൾക്ക് വ്യവസായ മേഖലാ പദവിക്കും അർഹതയുണ്ടാകും.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമി പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ഉറപ്പുവരുത്തിയതിനു ശേഷം ലഭിക്കുന്ന അധിക ഭൂമിയിൽ ആയിരിക്കും പാർക്കുകൾ ആരംഭിക്കുക പരിസ്ഥിതി സൗഹൃദമായ പാർക്കുകൾ ആയിരിക്കും ഇവ. വിദ്യാർത്ഥികൾക്ക് അപ്രന്റിസ് അവസരവും ഇതിലൂടെ ലഭിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിഷയ സ്വഭാവത്തിന് അനുസൃതമായ പാർക്കുകൾ ആരംഭിക്കാൻ മുൻഗണന നൽകും.

# നമ്മൾ തുന്നിയിട്ട കാർപ്പറ്റ്
## മെറ്റ്ഗാലയിലും കേരളത്തിന്റെ കയ്യൊപ്പ്





ഫാഷന്റെ അവസാനവാക്ക്, ലോകത്തിലെ ഏറ്റവും ശ്രദ്ധേയരായ താരങ്ങൾ ഏറ്റവും പുതിയ ഫാഷനുമായി തിളങ്ങുന്ന ന്യൂയോർക്കിലെ മെറ്റ് ഗാലയെ ഫാഷൻ ലോകം വിശേഷിപ്പിക്കുന്നത് അങ്ങനെയാണ്. എന്നാൽ മലയാളികളെ സംബന്ധിച്ച് അഭിമാനകരമായ അടയാളപ്പെടുത്തൽ കൂടി ഇത്തവണത്തെ മെറ്റ്ഗാലയ്ക്കുണ്ട്. ന്യൂയോർക്കിലെ മെറ്റ്ഗാല 2025 വേദിയിൽ പാകിയിരിക്കുന്ന കടുംനീല നിറത്തിൽ ഡിസൈനോടുകൂടിയുള്ള അതിമനോഹരമായ കാർപ്പറ്റ് നിർമിച്ചിരിക്കുന്നത് കേരളത്തിൽ നിന്നുള്ള സംരംഭമായ 'നെയ്ത്ത് - എക്സ്ട്രാവീവ്' (Neytt Extraweave) ആണ്.

അതിമനോഹരമായ 57 റോളുകളായി ഏകദേശം 6840 ചതുരശ്ര മീറ്റർ കാർപ്പറ്റാണ് മെറ്റ്ഗാല 2025നായി ആലപ്പുഴയിൽ നിന്നുള്ള നെയ്ത്ത് - എക്സ്ട്രാവീവ് എന്ന കമ്പനി നിർമിച്ചുനൽകിയത്. ലോകത്തിലെ തന്നെ അതിപ്രശസ്തരായ ഡിസൈനർമാരുമായി സഹകരിച്ചുകൊണ്ട് അതിപ്രശസ്തരായ സെലിബ്രിറ്റികൾ പങ്കെടുക്കുന്ന മെറ്റ്ഗാല ഫാഷൻ ഇവന്റ് ഓരോ വർഷവും ഓരോ പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് സംഘടിപ്പിക്കുക. സൂപ്പർഫൈൻ ടൈലറിങ് ബാക്ക് സ്റ്റൈൽ എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ഈ വർഷത്തെ മെറ്റ്ഗാല ഇവന്റിൽ 480 തൊഴിലാളികൾ 90 ദിവസം കൊണ്ടാണ് നെയ്തെടുത്ത പ്രമേയത്തോട് നീതിപുലർത്തിയ കാർപ്പറ്റുകൾ ഒരുക്കി ലോകത്തിന്റെ മനം കവർന്നത്.

വൂൾ കാർപ്പറ്റുകളിൽ നിന്ന് മാറിയതിന് ശേഷം ഇത്തവണയും സൈസിൽ ഫാബ്രിക്സാണ് കാർപ്പറ്റ് നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. 2022ലും 2023ലും മെറ്റ്ഗാല ഇവന്റിനായി എക്സ്ട്രാവീവ്സ് കാർപ്പറ്റുകൾ നിർമ്മിച്ചുനൽകിയിരുന്നു. ബക്കിങ്ഹാം കൊട്ടാരത്തിലും വൈറ്റ് ഹൗസിലുമടക്കം കാർപ്പറ്റുകൾ വിതരണം ചെയ്തിട്ടുള്ള നെയ്ത്ത് എക്സ്ട്രാവീവ്സ് തുടർച്ചയായ നേട്ടങ്ങളിലൂടെ കേരളത്തിന്റെ നെയ്ത്തു പെരുമ ലോകമാകെ രേഖപ്പെടുത്തുകയാണ്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.